# അമൃതയിലെ വിദ്യാർത്ഥികൾ റോബോട്ട് വികസിപ്പിച്ചു



അമൃത വിശ്വവിദ്യാപീഠത്തിലെ വിദ്യാർത്ഥികളായ പി.ജെ.മുഹമ്മദ് അയാസ്, കെ.സരിൻദേവ്, എൻ.രാജേഷ് എന്നിവർ വികസിപ്പിച്ചെടുത്ത റോബോട്ടിനൊപ്പം

**അമൃതപുരി:** അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാമ്പസിലെ വിദ്യാർത്ഥികൾ 'മാർസ്' എന്നുപേരിട്ട റോബോട്ട് വികസിപ്പിച്ചു. ഈ റോബോട്ട് കാമ്പസിലെത്തുന്ന സന്ദർശകരെ അഭിവാദ്യം ചെയ്യുകയും അവരെ കാമ്പസ് കാണിക്കാൻ കൂട്ടിക്കൊണ്ടുപോകുകയും കാമ്പസിലെ പോസ്റ്റുമാനായി പ്രവർത്തിക്കുകയും ചെയ്യുന്നു. കൂടാതെ സുരക്ഷാനിരീക്ഷണം, വാതകപൈപ്പുകളിലെ സാങ്കേതികപ്രശ്നങ്ങൾകണ്ടെത്തൽ, ആളില്ലാതെ അപകടമേഖലകൾ തരണം ചെയ്യുക തുടങ്ങിയ ദൗത്യങ്ങളുമുണ്ട്.

അമൃത സ്കൂൾ ഓഫ് എഞ്ചിനിയറിങ്ങിലെ അവസാനവർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികളായ മുഹമ്മദ് അയാസ് പി.ജെ., സരിൻദേവ് കെ., രാജേഷ് എൻ. എന്നിവരാണ് മാർസ് റോബോട്ട് വികസിപ്പിച്ചെടുത്തത്.

ഉപയോക്താവിന്റെ ആവശ്യങ്ങൾക്കനുസരിച്ച് റോബോട്ടിന്റെ ഗതി നിർണയിക്കുവാനുള്ള 'ഗ്രാഫിക്കൽ യൂസർ ഇന്റർഫേസ്' വലിയ ചുറ്റളവിൽ പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം, ഹാർഡ്‌വെയറിൽ മാറ്റം വരുത്താതെ തന്നെ വ്യത്യസ്തമേഖലകളിൽ പ്രവർത്തിക്കുവാനുള്ള ശേഷി എന്നീഗുണങ്ങൾ 'മാർസ്' റോബോട്ടിനെ വ്യത്യസ്തമാക്കുന്നു.